# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2876 — 12.10.2011-ൽ മറുപടിയ്ക്ക്

## ജനശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.എ. വാഹിദ് | | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| (എ) സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാന മാക്കി കേരളത്തെ മാറ്റാനുള്ള 'ജന ശ്രീ'യുടെ പ്രവർത്തനങ്ങൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ജനശ്രീ സുസ്ഥിര വികസന മിഷൻ, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ, കാർഷിക സർവ്വകലാശാല, വിവിധ സർക്കാർ/ സർക്കാരിതര സംഘടനകൾ എന്നിവയുടെ സംയുക്താഭിമുഖ്യ ത്തിൽ 2011 സെപ്റ്റംബർ 23 മുതൽ 27 വരെ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് ജൈവശ്രീ ഉത്സവം 2011 എന്ന പേരിൽ ഒരു എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. എക്സിബിഷന്റെ ഭാഗമായി രണ്ടു ദിവസം നീണ്ടുനിന്ന ഒരു ദേശീയതല സെമിനാറും സംഘടിപ്പിക്കു കയുണ്ടായി. |
| (ബി) ജനശ്രീയുടെ ഇത്തരം ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുമോ;<br>(സി) ഇതിന്റെ ഭാഗമായി ജനശ്രീയ്ക്ക് എന്തെല്ലാം സഹായങ്ങൾ നൽകു മെന്ന് വിശദമാക്കുമോ? | (ബി) & (സി) | സർക്കാരിതര സ്ഥാപനങ്ങൾക്ക് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം അനുവദനീയമായ സാമ്പത്തിക സഹായം, പദ്ധതികൾ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം നൽകുന്നതാണ്. |

R.R. Bdige

സെക്ഷൻ ഓഫീസർ

—